## മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 57**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

കുട്ടികളിൽ ദിശാബോധം വളർത്തിയെടുക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാണല്ലോ. ചെറുപ്രായത്തിൽത്തന്നെ ധാർമ്മികതയിലൂന്നിയ വിദ്യാഭ്യാസം അവർക്ക് നൽകേണ്ടത് നമ്മുടെ കടമയാണ്. ക്രിസ്തീയ മൂല്യങ്ങൾ അടിസ്ഥാനമാക്കിക്കൊണ്ടാവണം നമ്മുടെ കുട്ടികൾ അറിവിന്റെ അഭ്യസനം ആരംഭിക്കേണ്ടത്.

എല്ലാ വർഷവും ജൂൺ മാസം ആദ്യ ഞായറാഴ്ച വിദ്യാരംഭ സ്തോത്ര ശുശ്രൂഷ നമ്മുടെ ഇടവകകളിൽ ക്രമീകരിക്കേണ്ടതാണ്. ഇടവകയിലെ കുഞ്ഞുങ്ങൾക്ക് വിദ്യാരംഭം കുറിക്കുന്നതിനുള്ള ക്രമീകരണം ഓരോ ഇടവകയിലും വികാരിയുടെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്. വിദ്യാരംഭ സ്തോത്ര ശുശ്രൂഷ ഓരോ രാജ്യത്തേയും സംസ്ഥാനത്തേയും വിദ്യാലയ വർഷം ആരംഭിക്കുന്നതനുസരിച്ച് ക്രമീകരിക്കാവുന്നതാണ്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ രണ്ടു വർഷമായി സ്കൂളുകളിൽ പോകാതെ, ഓൺലൈനായി വിദ്യാഭ്യാസം ചെയ്യേണ്ടിവന്നത് കുട്ടികളിൽ പല മാറ്റങ്ങൾക്കും കാരണമായിട്ടുണ്ട്. കുട്ടികളും അദ്ധ്യാപകരും പരസ്പരം കാണുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനുമുള്ള അവസരങ്ങൾ ലഭിക്കാതെ പോയത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിൽ എത്തിചേരുന്നതിന് സാധിക്കാതെപോയി. സാഹചര്യങ്ങളെ പഴിക്കാതെ കിട്ടുന്ന അവസരം നമുക്ക് തക്കത്തിൽ പ്രയോജനപ്പെടുത്താം.

“യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു” എന്ന തിരുവചന സത്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് തുടക്കമിടുന്നതിനും അവരുടെ ഭാവി ജീവിതത്തിനു എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകുന്നതിനും ഏവരും പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ഉത്തമവും ഉദാത്തവുമായ മാർഗ്ഗങ്ങളിലൂടെ അവരെ നയിക്കുന്നതിനും സാമൂഹികനന്മ ലക്ഷ്യമാക്കി സഭാസ്നേഹത്തിൽ അവരെ വളർത്തുന്നതിനും ഈ ക്രമീകരണം സഹായകമാകുന്നതിനു കർത്താവ് സഹായിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2022 മേയ് 5–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

**FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MARTHOMA**

**Circular No. 57**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

The basic goal of education is to nurture a sense of direction in children. It is our responsibility to impart value-based education to them from a young age. Our children should begin their journey of knowledge rooted in Christian values.

It is hereby informed that thanksgiving services should be arranged in all the parishes of our Church in connection with the commencement of our children's education on the first Sunday of June every year. This initiation ceremony for our children in each parish should be arranged under the leadership of the Vicars concerned. The date of the commencement of children's education may be fixed according to the beginning of the academic year in each country and state.

Children had to attend online classes for the last two years, which brought major changes to them. Due to the lack of face-to-face interactions between teachers and students, the holistic goal of education has not been met. However, instead of blaming the circumstances, we should rather focus on using the right opportunities at the right time.

We exhort you to begin our children's education based on the scriptural truth, "The fear of the Lord is the beginning of wisdom", and to pray that their future life is blessed in every way.

May the Lord help us that this arrangement would enable us to guide them through noble and exalted paths and to nurture them in loyalty to the Church, resulting in the well-being of society at large.

Grace be with you all.

Dated 5 May 2022, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**